**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 786** **06-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ ജപ്തി ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | നോട്ട് നിരോധനം, മഹാ പ്രളയങ്ങൾ, കോവിഡ് മഹാമാരി മുതലായവ മൂലം കഷ്ടപ്പെടുന്ന ജനങ്ങളുടെ കുടിശ്ശിക ലോണുകളിന്മേൽ ജപ്തി ഒഴിവാക്കി അവ പുതുക്കി നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | നോട്ട് നിരോധനം, മഹാ പ്രളയങ്ങൾ, കോവിഡ് മഹാമാരി മുതലായവ മൂലം കഷ്ടപ്പെടുന്ന ജനങ്ങളുടെ കുടിശ്ശിക വായ്പകൾക്ക് ജപ്തി നടപടികളിൽ നിന്നും ഒഴിവാകുന്നതിനുള്ള സാവകാശം അനുവദിക്കുക എന്ന ഉദ്ദേശ്യത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. 2021 ആഗസ്റ്റ് 16 - ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കോവിഡ് മഹാമാരി സാഹചര്യം പരിഗണിച്ച് 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. കേരള ബാങ്കിന് 2022 നവംബർ 15 വരെയും, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് 2022 നവംബർ 30 വരെയും ടി പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കുടിശ്ശിക ലോണുകളിന്മേൽ ജപ്തി ഒഴിവാക്കി അവ പുതുക്കി നൽകുന്നതിനുള്ള നടപടി ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) | റിക്കവറി നടപടികൾ നേരിടുന്നവർക്ക് ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ലോൺ തുകയും അടിസ്ഥാന പലിശയും അടച്ച് തീർക്കുന്നതിന് അവസരം നൽകുമോ; വിശദ വിവരം ലഭ്യമാക്കുമോ? | (ബി) | ലോൺ തുകയും അടിസ്ഥാന പലിശയും അടച്ച് തീർക്കുന്നത് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടായിരുന്നു**.** സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് തുടർന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നത് സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുമെന്നതിനാൽ അപ്രകാരം ഒരു പദ്ധതി നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല**.** |

സെക്ഷൻ ഓഫീസർ